# ഗവ: ഹയർസെക്കൻഡറി സ്കൂൾ പനമറ്റം




# അക്കാദമിക് മാസ്റ്റർപ്ലാൻ

## 2025 - 2026

ഗവ: ഹയർസെക്കൻഡറി സ്കൂൾ പനമറ്റം

പനമറ്റം പി. ഒ - കോട്ടയം

Email: kply32065ptm@yahoo.co.in

GHSS PANAMATTAM GHSS PANAMATTAM GHSS

# ജി.എച്ച്.എസ്.എസ്. പനമറ്റം

# അക്കാദമിക് മാസ്റ്റർപ്ലാൻ 2025-2026

# ഉള്ളടക്കം

സന്ദേശം....3
പിൻ കുറിപ്പ്....4
ആമുഖം....5
ചരിത്രം....7
ഉദ്ദേശലക്ഷ്യങ്ങൾ....9
അപര്യാപ്തതകൾ....11
2024-2025 അദ്ധ്യയന വർഷം....12
എൽ. പി. വിഭാഗം....14
മേഖല : എൽ.പി. മലയാളം....15
മേഖല : എൽ.പി. ഇംഗ്ലീഷ്....16
മേഖല: എൽ.പി സംസ്കൃതം....17
മേഖല : എൽ.പി ഗണിതം....18
മേഖല : എൽ.പി പരിസരപഠനം....19
യു.പി വിഭാഗം....20
മേഖല: യു. പി മലയാളം....21
മേഖല: യു. പി. ഇംഗ്ലീഷ്....22
മേഖല : യു . പി - ഹിന്ദി....23
മേഖല: യു.പി സംസ്കൃതം....24
മേഖല: യു. പി ഗണിതം....25
മേഖല: യു. പി. സാമൂഹ്യശാസ്ത്രം....26
മേഖല: യു. പി. അടിസ്ഥാനശാസ്ത്രം....27
എച്ച്.എസ്. വിഭാഗം....29
മേഖല: എച്ച്. എസ്. മലയാളം....30
മേഖല: എച്ച്.എസ്. ഇംഗ്ലീഷ്....31
മേഖല : ഹൈസ്കൂൾ - ഹിന്ദി....33
മേഖല : എച്ച്. എസ് ഗണിതം....35
മേഖല: എച്ച്. എസ്. സാമൂഹ്യശാസ്ത്രം....36
മേഖല: എച്ച്. എസ്. ജീവശാസ്ത്രം....38
മേഖല: എച്ച്. എസ്. ഫിസിക്കൽ സയൻസ്....40
ഉപസംഹാരം....41

# സന്ദേശം

ഓരോ വിദ്യാലയത്തിനും അതിന്റെ ഫലപ്രദമായ പ്രവർത്തനത്തിന് ഭൗതിക സാഹചര്യങ്ങൾ, മനുഷ്യവിഭവശേഷി, സമ്പത്ത്, വിവിധ സാമഗ്രികൾ എന്നിങ്ങനെ വിവിധതരം വിഭവങ്ങൾ വേണം. വിദ്യാർത്ഥികൾക്ക് സൗകര്യപ്രദവും സുരക്ഷിതത്വവും സ്വാതന്ത്ര്യവും ശിശു-സൗഹൃദപരവുമായ അന്തരീക്ഷം ഒരുക്കണം. വിഭവങ്ങളുടെ കാര്യത്തിൽ പരിഗണിക്കേണ്ട ഏറ്റവും പ്രധാനപ്പെട്ട സവിശേഷത ലഭ്യതയും കാര്യക്ഷമതയും ആണ്. ലഭ്യത എന്നതുകൊണ്ട് അർത്ഥമാക്കുന്നത് സുരക്ഷിതത്വവും ഗുണപ്രദവുമായ പഠനസാഹചര്യം എല്ലാവർക്കും പ്രാപ്തരാക്കലാണ്. കാര്യക്ഷമത എന്നത് ലഭ്യമായ വിഭവങ്ങളുടെ ഏറ്റവും ഫലപ്രദമായ ഉപയോഗമാണ്. ഉയർന്ന നിലവാരത്തിലുള്ള ആരോഗ്യ സുരക്ഷാസംവിധാനങ്ങൾ ഉറപ്പുവരുത്തി ലഭ്യമായ വിഭവങ്ങൾ ഫലപ്രദമായി ഉപയോഗിക്കുമ്പോൾ ഒരു വിദ്യാലയം മികവുറ്റതാകുന്നു.

പാഠപുസ്തകങ്ങളിൽ കുടുങ്ങാതെ, ബുദ്ധിമുട്ടുകൾ അതിജീവിക്കാനും, ജീവിതത്തിൽ മൂല്യങ്ങൾ സ്വീകരിക്കാനും സഹായിക്കുന്നതാണ് സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസം. അറിവിനൊപ്പം നിലനില്ക്കേണ്ടതാണ് നൈതികതയും, മാനസിക ആരോഗ്യവും. കുട്ടിയുടെ ബൗദ്ധിക മേഖല മാത്രമല്ല മാനസികം, ശാരീരികം, സാമൂഹികം, ആദ്ധ്യാത്മികം തുടങ്ങിയ മുഴുവൻ മേഖലകളിലും വളർച്ച ഉണ്ടാകണം എന്നതാണ് ഈ വിദ്യാഭ്യാസ മാതൃകയുടെ ലക്ഷ്യം. ഇത്തരമൊരു സമഗ്ര സമീപനം വഴി മാത്രമേ കുട്ടികളെ ഭാവിയിലേക്ക് പ്രതീക്ഷയോടെ നയിക്കാൻ കഴിയൂ.

എല്ലാ കുട്ടികൾക്കും ഒരേപോലെ പഠിക്കാനുള്ള അവകാശം ഉണ്ട്. അവരുടെ ശേഷികളോ പശ്ചാത്തലങ്ങളോ അതിനായി ഒരു തടസ്സമാകാൻ പാടില്ല. സമാവേഷണ വിദ്യാഭ്യാസം ഓരോ കുട്ടിയെയും അംഗീകരിക്കുകയും അവരിൽ ഒളിഞ്ഞിരിക്കുന്ന കഴിവുകൾ കണ്ടെത്തി വികസിപ്പിക്കുവാൻ അവസരമൊരുക്കുകയും ചെയ്യുന്നു. സ്കൂൾ ഏതൊരു കുട്ടിക്കും സുരക്ഷിതവും പങ്കാളിത്തപരവുമായ വേദിയായിരിക്കണം. സമവായം, സഹജീവിതം, അനുരാഗം എന്നീ മൂല്യങ്ങൾ വളർത്തുന്നതിന് സമാവേഷണ വിദ്യാഭ്യാസം അത്യന്താപേക്ഷിതമാണ്. എല്ലാ കുട്ടികളെയും ഉൾപ്പെടുത്തുന്ന വിദ്യാഭ്യാസമാണ് നാം ആഗ്രഹിക്കുന്ന നീതി അടിസ്ഥാനമാക്കിയുള്ള സമൂഹത്തിന്റെ താക്കോൽ.

# പിൻ കുറിപ്പ്

അന്താരാഷ്ട്ര നിലവാരത്തിലേക്കുള്ള നമ്മുടെ വിദ്യാലയത്തിന്റെ വളർച്ചയ്ക്ക് ആവശ്യമായ അക്കാദമികവും ഭൗതികവുമായ പുരോഗതി ലക്ഷ്യം വെച്ചുകൊണ്ട് തയ്യാറാക്കിയതാണ് ഈ അക്കാഡമിക് മാസ്റ്റർ പ്ലാൻ. ഇതിലെ ഓരോ പ്രവർത്തനങ്ങളും മികവിന്റെ മാർഗ്ഗരേഖയാണ്, ഇവ പൂവണിയിക്കാൻ അധ്യാപകരും അധികാരികളും കുട്ടികളും നാട്ടുകാരും കൈ-മെയ് മറന്ന് ഒന്നിച്ച് പ്രവർത്തിക്കേണ്ടതാണ്. ഈ ഉദ്യമത്തിന്റെ സാഫല്യം വരും വർഷങ്ങളിൽ പ്രാവർത്തികമാകും എന്ന് പ്രതീക്ഷയോടെ ഉണർവിന്റെ പാതയിലേക്ക് നമുക്ക് മുന്നേറാം.

# ആമുഖം

സ്കൂൾ വിദ്യാഭ്യാസം വെറും അറിവ് കൈമാറലിൽ ഒതുങ്ങാതെ, വിദ്യാർത്ഥികളുടെ സമഗ്രവികസനം ലക്ഷ്യമിട്ടാണ് ഇന്നത്തെ കാലഘട്ടം മുന്നോട്ട് പോകുന്നത്. ഈ സാഹചര്യം മനസ്സിലാക്കി, ഗവ. എച്ച്.എസ്.എസ് പനമറ്റം തയ്യാറാക്കിയിരിക്കുന്ന അക്കാദമിക് മാസ്റ്റർ പ്ലാൻ ആണിത്.

നാം ഈ പ്ലാനിലൂടെ ലക്ഷ്യമിടുന്നത്:

- ഗുണനിലവാരമുള്ള അധ്യാപന-പഠന പ്രവർത്തനങ്ങൾ
- സമഗ്രമായ ബാലവികസനം
- സാങ്കേതിക വിദ്യയുടെ ഫലപ്രദ ഉപയോഗം
- സാമൂഹിക അർഥവത്തായ വിദ്യാഭ്യാസം

ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ ഫലപ്രദമായി നടപ്പാക്കുന്നതിനായി തയ്യാറായിരിക്കുന്ന സൗകര്യങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു.

➢ ടിങ്കറിങ് ലാബ് (Tinkering Lab):
വിദ്യാർത്ഥികൾക്ക് സാങ്കേതികവിദ്യ, സൃഷ്ടിപരത്വം, ആവിഷ്ക്കാരമികവ് എന്നിവയെ ആഴത്തിൽ അനുഭവപ്പെടാൻ സഹായിക്കുന്ന ലാബാണ് ഞങ്ങളുടെ ടിങ്കറിങ് ലാബ്. ഇത് മാതൃകാ ഗവേഷണ പദ്ധതികൾക്കും രാസപരീക്ഷണങ്ങൾക്കും വേദിയാകുന്നു.

➢ ക്രിയേറ്റീവ് കോർണർ (Creative Corner):
കലയുടെ വിവിധ രൂപങ്ങളിൽ വിദ്യാർത്ഥികളുടെ പ്രതിഭ വളർത്തുന്ന സജീവ മേഖല. ചിത്രരചന, കവിത, കഥ, ഹാൻഡ് ക്രാഫ്റ്റ് എന്നിവയ്ക്കായി പ്രത്യേകം ഒരുക്കിയിട്ടുള്ള ഈ സൗകര്യം വിദ്യാർത്ഥികളിൽ ആത്മവിശ്വാസവും വ്യക്തിത്വവികസനവും വളർത്തുന്നു.

➢ മോഡൽ ഇൻക്ലൂസീവ് എജുക്കേഷൻ പ്രോഗ്രാം:
എല്ലാ വിദ്യാർത്ഥികളുടെയും വിദ്യാഭ്യാസാവകാശം ഉറപ്പാക്കുന്നതിന് വേണ്ടി, ശാരീരികമോ ബൗദ്ധികമായോ വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ ഉൾപ്പെടുത്തുന്ന മാതൃകാ ഉൾക്കൊള്ളൽ പദ്ധതി സ്കൂളിൽ നടപ്പിലാക്കിയിട്ടുണ്ട്. ശാരീരിക സൗകര്യങ്ങൾ, മനസ്സനുവദിക്കുന്ന അധ്യാപന രീതി, പ്രത്യേക അധ്യാപകരുടെ സഹായം എന്നിവയുടെ സാന്നിധ്യം വിദ്യാർത്ഥികളുടെ അഗാധത മറികടക്കാൻ സഹായിക്കുന്നു.

➢ സ്റ്റുഡന്റ്സ് സേവിംങ്സ് സ്കീം (Student Saving Scheme):
സാമ്പത്തിക സാക്ഷരതയ്ക്കും ഭാവിയിലെ സാമ്പത്തിക ഉത്തരവാദിത്തത്തിനും അടിത്തറയാകുന്ന പദ്ധതിയാണ് വിദ്യാർത്ഥി സംരക്ഷണ പദ്ധതി. ഓരോ കുട്ടിക്കും മിതമായ സെവിങ് ആചാരങ്ങൾ ഉറപ്പാക്കാൻ സ്കൂൾ ബാങ്ക് സംവിധാനത്തിലൂടെ ഇത് പ്രോത്സാഹിപ്പിക്കുന്നു.

- ലിറ്റിൽ കൈറ്റ്സ് (Little Kites):
  Digital India സംരംഭത്തിന്റെ ഭാഗമായി, വിദ്യാർത്ഥികളിൽ ഡിജിറ്റൽ ജ്ഞാനം വളർത്തുന്ന പദ്ധതിയാണ് ലിറ്റിൽ കൈറ്റ്സ്. പ്രോഗ്രാമിങ്, ബ്ലോഗിംഗ്, ആനിമേഷൻ, സൈബർ സുരക്ഷ തുടങ്ങിയ വിഷയങ്ങളിൽ പരിശീലനം നൽകി, വിദ്യാർത്ഥികളെ നൂതന സാങ്കേതിക ലോകത്തേക്ക് നയിക്കുന്നതാണ് ഈ പ്രവർത്തനരംഗം.

- ജെആർസി (JRC – Junior Red Cross)
  സാമൂഹിക ബോധം, സേവന മനോഭാവം, ആരോഗ്യസംരക്ഷണം എന്നിവ കുട്ടികളിൽ വളർത്തുന്ന സംഘടനാത്മക പ്രവർത്തനമാണ് JRC. ആദർശങ്ങൾ പഠിക്കുന്നതിന്റെ അതിരുകളെക്കാൾമുതൽ അവർക്കുള്ള അവസരമാണ് ഈ ഘടകം നൽകുന്നത്.

ഇങ്ങനെ അധ്യാപന-പഠന രീതികളെ കൂടുതൽ ആധുനികവും ശാസ്ത്രീയവുമായ രീതിയിൽ പുരോഗമിപ്പിക്കുവാനും കൂടാതെ ഓരോ വിദ്യാർത്ഥിയെയും ആഗോള പൗരന്മാരായി വാർത്തെടുക്കുവാനും സഹായിക്കുന്ന തരത്തിൽ ഞങ്ങളുടെ അക്കാദമിക് മാസ്റ്റർ പ്ലാൻ രൂപപ്പെടുത്തിയിരിക്കുന്നു.

ചിട്ടയായ ആസൂത്രണവും കൃത്യമായ പ്രവർത്തനങ്ങളുമാണ് ലക്ഷ്യബോധത്തിൽ എത്തിക്കുക. ഈ ഉദ്ദേശത്തിന്റെ സാഫല്യത്തിനായി എസ്. ആർ. ജി സബ്ജക്ട് കൗൺസിലർ, എസ്. എം. ഡി. സി എന്നിവ കൂടി വിവിധ വിഷയാധ്യാപകർ ഒത്തുകൂടി ചർച്ച ചെയ്തതിൽ നിന്നും ഉരുതിരിഞ്ഞ ആശയങ്ങൾ വിദ്യാലയത്തിന്റെ സാംസ്കാരികവും ഭൗതികവുമായ സാഹചര്യങ്ങൾക്കിണങ്ങും വിധവും പ്രവർത്തിപഥത്തിൽ എത്തിക്കും വിധവുമുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കി. കുട്ടികളുടെ സാമൂഹികവും സാംസ്കാരികവും വിദ്യാഭ്യാസപരവുമായ ഉന്നമനം ലക്ഷ്യം വെച്ചുകൊണ്ട് തയ്യാറാക്കിയ ഈ പ്രവർത്തന പദ്ധതികൾ വരും വർഷത്തിൽ പൂവണിയിക്കാനാകുമെന്ന് ഉറച്ച വിശ്വാസത്തോടെയും അഭിമാനത്തോടെയും ഇവ നടപ്പിൽ വരുത്തുവാൻ വേണ്ട സഹായ സഹകരണങ്ങൾ അധികാരസ്ഥാനങ്ങളിൽ നിന്നും പ്രതീക്ഷിച്ചുകൊണ്ടും ഈ മാസ്റ്റർ പ്ലാൻ സവിനയം സമർപ്പിച്ചു കൊള്ളുന്നു.

# ചരിത്രം

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ ഭാരതത്തിൽ ആകമാനം ആവിർഭവിച്ച സാംസ്കാരിക നവോത്ഥാനത്തിന്റെയും ദേശീയ ബോധനത്തിന്റെയും അലയടികൾ തിരുവിതാംകൂറിലും അലയടിച്ചു. അങ്ങനെ പല സ്ഥലങ്ങളിലും പള്ളിക്കൂടങ്ങൾ ആവിർഭവിക്കുകയും ചെയ്തു. അതേത്തുടർന്ന് "ഭാരതിവിലാസം മലയാളം പ്രൈമറി സ്കൂൾ പനമറ്റം" എന്ന പേരിൽ 1915 മെയ് മാസം 25 ആം തീയതി സ്കൂൾ പ്രവർത്തനം ആരംഭിച്ചു. 1964 മെയ് 24 യുപി സ്കൂൾ ആയും 1980 ജൂലൈ 19 ന് ഹൈസ്കൂളായും 1997 വർഷത്തിൽ ഹയർ സെക്കൻഡറി ആയും ഉയർത്തപ്പെട്ടു.

1983 ൽ എസ്.എസ്.എൽ.സി യുടെ ആദ്യ ബാച്ച് പ്രശസ്തമായ വിജയം കരസ്ഥമാക്കി. ഇപ്പോൾ പ്രീ പ്രൈമറിതലം മുതൽ പ്ലസ് ടു വരെ 700 ൽ അധികം കുട്ടികൾ പഠിക്കുന്ന കോട്ടയം ജില്ലയിലെ ഏറ്റവും മികച്ച സ്ഥാപനമാണ്  പനമറ്റം ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ. 102 വർഷം പിന്നിലേക്ക് നോക്കുമ്പോൾ ത്യാഗത്തിന്റെയും ഒത്തൊരുമയുടെയും ആത്മാർത്ഥമായ സഹകരണത്തിന്റെയും ഫലമായി പടുത്തുയർത്തുവാൻ കഴിഞ്ഞിട്ടുള്ളതാണ് ഈ വിദ്യാ കേന്ദ്രമെന്ന് കാണാൻ കഴിയും. അതിന്റെ എല്ലാ ഫലമായി സർക്കാർ ഉന്നത നിലവാരമുള്ള സ്കൂൾ കെട്ടിടം പണിതുയർത്തിയിരിക്കുന്നു.

വിദ്യാലയത്തിന്റെ ചരിത്രത്തിൽ വിദ്യാർത്ഥികളുടെ സമഗ്രവികസനത്തിനായി സംഘടിപ്പിച്ചിട്ടുള്ള വിവിധ സൗകര്യങ്ങൾ ശ്രദ്ധേയമാണ്. ശാസ്ത്രീയവും സാങ്കേതികവുമായ പഠനാനുഭവങ്ങൾക്കായി ടിങ്കറിങ് ലാബ്, ശാസ്ത്ര സാങ്കേതിക വിഷയങ്ങളിൽ പ്രായോഗിക പരിശീലനത്തിനുള്ള ലാബുകൾ, കലയും സാഹിത്യവുമെല്ലാം സംയോജിപ്പിക്കുന്ന ക്രിയേറ്റീവ് കോർണർ, ഭിന്നശേഷിയുള്ള കുട്ടികളെയും ഉൾപ്പെടുത്തി ഒരേപോലെ പഠിക്കുവാനുള്ള മോഡൽ ഇൻക്ലൂസീവ് ക്ലാസ് റൂം, ഇന്ററാക്ടീവ് പഠനത്തിന് വേണ്ടിയുള്ള സ്മാർട്ട് ക്ലാസ് മുറികൾ, സേവനമനോഭാവം വളർത്തുന്ന ജെആർസി (Junior Red Cross), പാഠപുസ്തകങ്ങൾക്ക് പുറമേ വിവിധ വിഷയങ്ങളിലെ അറിവ് വികസിപ്പിക്കാൻ സഹായിക്കുന്ന ലൈബ്രറി, ശുചിത്വവും പോഷകമൂല്യവുമുള്ള ആഹാരവിതരണത്തിനുള്ള മെസ് ഹാൾ, വിദ്യാർത്ഥികളുടെ ശാരീരികാവബോധവും ടീമുകൾ തമ്മിലുള്ള സഹകരണവും വളർത്താൻ സഹായിക്കുന്ന കളിസ്ഥലം, കലാപരിപാടികൾക്കും പൊതുയോഗങ്ങൾക്കും അനുയോജ്യമായ ആഡിറ്റോറിയം, വിദ്യാർത്ഥികൾക്ക് സ്കൂളിലേക്ക് സുരക്ഷിതമായി എത്തിച്ചേരുന്നതിനുള്ള സ്കൂൾ ബസ് സൗകര്യം എന്നിവ സ്കൂളിന്റെ വിദ്യാഭ്യാസചരിത്രത്തിൽ അതുല്യമായ സ്ഥാനം കരസ്ഥമാക്കിയിരിക്കുന്നു. ഈ സൗകര്യങ്ങൾ എല്ലാം കൂടി വിദ്യാർത്ഥികളുടെ ബൗദ്ധികവും മാനസികവും സാംസ്കാരികവും ശാരീരികവുമായ വളർച്ചയ്ക്കായി ശക്തമായ അടിത്തറയാകുന്നു.

നമ്മുടെ സ്കൂളിന് തോട്ടംമേഖല പ്രത്യേക പഠന പരിരോഷണ  പദ്ധതിയുടെ ഭാഗമായി 2019 മുതൽ സാമ്പത്തിക സഹായം ലഭിച്ചുവരുന്നു. ഈ സാമ്പത്തിക സഹായം സ്കൂളിന്റെ വികസനത്തിനും വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനും വലിയ പിന്തുണയാണ് നൽകുന്നത്.

ഓരോ വർഷത്തെയും സഹായത്തിന്റെ തോത് ചുവടെപ്പറയുന്നതുപോലെയാണ്:

2019-2020 - 633000/-
2021-2022 - 290000/-
2022-2023 - 1685000/-
2023-2024 - 741000/-
2024-2025 - 363000/-

നമ്മുടെ സ്കൂളിന്റെ സമീപപ്രദേശത്തെ ഓരോ വീടുകളും പരിശോധിച്ചാൽ ഈ സ്കൂളിൽ പഠിച്ച ധാരാളം പേർ കേരളത്തിലെ വിവിധ വകുപ്പുകളിലും രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലും വിദേശത്തും സേവനമനുഷ്ഠിക്കുന്നുണ്ടെന്ന് അഭിമാനത്തോടെ പറയാൻ കഴിയും. ഈ സ്കൂളിന്റെ ചരിത്രത്തിൽ തിലകക്കുറി ചാർത്തിക്കൊണ്ട് എസ്എസ്എൽസിക്കും പ്ലസ് ടുവിനും ഉന്നത വിജയം തുടർച്ചയായി നേടിവരുന്നു.

ആയിരങ്ങൾക്ക് അറിവിന്റെ നിറവും നേരിന്റെ നന്മയും നിർലോഭം നൽകുന്ന ഈ വിദ്യാലയത്തിന്റെ ചരിത്രം നാട്ടുകാരുടെ ഭാഗമായി കഴിഞ്ഞു. ഈ സരസ്വതി ക്ഷേത്രത്തിന്റെ ഭാവി നമ്മുടെ കൈകളിൽ ഭദ്രമായിരിക്കട്ടെ.

# ഉദ്ദേശലക്ഷ്യങ്ങൾ

- ഒന്നു മുതൽ 12 വരെ ഓരോ ക്ലാസിലും കുട്ടി ആർജിക്കേണ്ട ശേഷികളും ധാരണകളും നൈപുണികളും അന്താരാഷ്ട്ര നിലവാരത്തിൽ ഓരോ കുട്ടിയുടെയും പരമാവധി കഴിവിനനുസരിച്ച് നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക പഠന വിഷയങ്ങളിൽ ആശയ ദൃഢത ഉണ്ടാവുക കലാകായിക പ്രവർത്തി പരിചയ പഠനത്തിൽ പങ്കാളിത്തവും താല്പര്യവും ഉറപ്പാക്കുക സാമൂഹ്യരംഗത്തെ ധാരണ പരിസ്ഥിതി ജ്ഞാനം തുടങ്ങിയവ കൈവരിക്കുക ഓരോ കുട്ടിയും മൂന്നു ഭാഷയിൽ എങ്കിലും ആശയവിനിമയ ശശി നേടുക.

- എല്ലാ കുട്ടികൾക്കും എല്ലാ മേഖലകളിലും അനുഭവങ്ങൾ ലഭിക്കുന്നതിനും സർഗ്ഗപരമായ കഴിവുകൾ പ്രകടിപ്പിക്കുന്നതിനും അവസരം ഒരുക്കുക.

- അന്താരാഷ്ട്ര പഠനനിലവാരം ഉറപ്പുവരുത്തുന്നതിന് ആവശ്യമായ പഠനോപകരണങ്ങൾ ഭൗതിക സൗകര്യങ്ങൾ എന്നിവ വിദ്യാലയത്തിൽ ഉറപ്പുവരുത്തുക.

- ഉന്നത നിലവാരത്തിലുള്ള അധ്യാപനം ഉറപ്പാക്കാൻ അധ്യാപക ശാക്തീകരണ പരിപാടികൾ ആസൂത്രണം ചെയ്യുക.

- ഐസിടി അധിഷ്ഠിത പഠനത്തിന് ആവശ്യമായ ഭൗതിക സൗകര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പുവരുത്തുക.

- ക്ലാസ് മുറികളിൽ ഐസിടി അധിഷ്ഠിത ക്ലാസുകൾ ഉറപ്പാക്കുന്നതിലൂടെ ബഹുമുഖ പഠന തന്ത്രങ്ങൾ ഉപയോഗപ്പെടുത്തി പഠനം കാര്യക്ഷമമാക്കുക.

- കലാകായിക പ്രവർത്തി പരിചയ മികവ് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ ഭൗതിക മാനസിക സംസ്കാരിക സൗകര്യങ്ങൾ ഒരുക്കുക.

- ഗവേഷനാത്മക അധ്യാപനത്തിനും ഗവേഷണാത്മക പഠനത്തിനും അവസരം ഒരുക്കുക.

- പഠനത്തിൽ പിന്നോക്കക്കാരെ തുടക്കത്തിലെ കണ്ടെത്തി ആവശ്യമായ സഹായം പാർട്ടി പദ്ധതിയുടെ സത്ത് ഉൾക്കൊണ്ട് ലഭ്യമാക്കുക.

- പഠനം ആകർഷകവും സർഗ്ഗാത്മകവും ആനന്ദദായകവും ആകുന്ന തരത്തിൽ വിദ്യാലയത്തിന്റെ ഭൗതിക സൗകര്യങ്ങൾ വികസിപ്പിക്കുക.

- സ്കൂൾ ലൈബ്രറി ലബോറട്ടറികൾ എന്നിവ ആധുനികവൽക്കരിച്ച് പഠനപ്രക്രിയയുടെ ഭാഗമാക്കുക.

- ലഘു പഠനയാത്രകൾ പഠന ക്യാമ്പുകൾ ശില്പശാലകൾ വിദഗ്ധരുടെ ക്ലാസുകൾ സെമിനാറുകൾ പ്രോജക്ടുകൾ തുടങ്ങിയ വൈവിധ്യമാർന്ന പഠന തന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക.

- കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുക മാലിന്യനിർമാർജനം ഒരു സംസ്കാരമായി രൂപപ്പെടുത്തി എടുക്കുക.

- ലഹരിയുടെ ഉപയോഗം പുതിയ തലമുറയിൽ നിന്നും ഒഴിവാക്കാനാവുന്ന തരത്തിൽ ഇടപെടലുകൾ നടത്തി ലഹരി മുക്ത ക്യാമ്പസ് സൃഷ്ടിക്കുക.

- പരിസ്ഥിതി ബോധവും ജൈവവൈവിധ്യ സംരക്ഷണത്തോടുള്ള പ്രതിബദ്ധതയും വികസിപ്പിക്കുന്നതിനായി ജൈവവൈവിധ്യ ഉദ്യാനം എന്ന ആശയം സ്കൂളിൽ നടപ്പിൽ വരുത്തുക.

- പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യധാരയിൽ എത്തിക്കുക.

- വിദ്യാഭ്യാസത്തിന്റെ ജനകീയവൽക്കരണം അർത്ഥപൂർണ്ണം ആക്കുക .

- തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് അവസരം ഒരുക്കുക.

- സ്കൂൾ പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിന് ജനകീയ ഇടപെടൽ ഉറപ്പാക്കുക പ്രാദേശിക വിഭവം പ്രയോജനപ്പെടുത്തുക.

- സ്കൂൾതലത്തിലുള്ള വിവിധ സഹായസമിതാനങ്ങളെ ഫലപ്രദമായി അക്കാദമികവും ഭൗതികവും സാമൂഹികമായ വളർച്ചയ്ക്ക് ഉതകുന്ന വിധം പ്രയോജനപ്പെടുത്തുക.

# അപര്യാപ്തതകൾ

മികവിന്റെ കേന്ദ്രമായി മാറാനുള്ള പ്രയാണത്തിൽ നമ്മുടെ സ്കൂളിൽ നിരവധി പ്രശ്നങ്ങളെ അഭിമുഖീകരിക്കേണ്ടതായി വന്നിട്ടുണ്ട്. സ്കൂളിന് ഒരു ചുറ്റുമതിലില്ലാത്ത അവസ്ഥ ഏറെ പ്രയാസകരം തന്നെ കുട്ടികളുടെ അച്ചടക്കത്തെയും ഇത് ഏറെ സ്വാധീനിക്കുന്നു. കുട്ടികളുടെ ശാരീരികവും മാനസികവുമായ വളർച്ചയെ മന്ദിപ്പിക്കുന്നു. ഒന്ന് മുതൽ 12 വരെയുള്ള ക്ലാസുകളിൽ ആയി 700 ഓളം കുട്ടികൾ വിദ്യാഭ്യാസിച്ചു വരുന്ന നമ്മുടെ വിദ്യാല.ത്തിൽ അധ്യാപകരും അനധ്യാപകരും സേവനമനുഷ്ഠിക്കുന്നുണ്ട്, എന്നാൽ പ്രവർത്തി പഠനം സന്ദർശനം തുടങ്ങിയ സ്കൂൾ പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് ആവശ്യമായ മുറികൾ ഇല്ല. ഇവയെല്ലാം ഡിപ്പാർട്ട്മെന്റ് നിഷ്കർഷിക്കുന്ന മുറികളാണ്.

മെച്ചപ്പെടുത്തേണ്ട സൗകര്യങ്ങൾ ഇവയെല്ലാമാണ്:

- ക്ലാസ് ലൈബ്രറി സൗകര്യം.
- കോൺഫറൻസ് ഹാൾ.
- എല്ലാ ക്ലാസ് മുറികളിലും ഉള്ള പ്രോജക്ടറുകളുടെ അഭാവം.
- കാലഹരണപ്പെട്ട ലാപ്ടോപ്പുകളുടെയും മറ്റുപകരണങ്ങളുടെയും പുനസ്ഥാപനം.
- പെൺകുട്ടികൾക്കായുള്ള ശുചിമുറിയിൽ വെൻഡിങ് മെഷീന്റെ അഭാവം.
- വിശ്രമം മുറി.
- ചുറ്റുമതിൽ, മുൻവശത്ത് ഗേറ്റ്.
- ജനറേറ്റർ.
- സോളാർപാനൽ.
- കളിസ്ഥലത്തേക്ക് വഴിയുടെ അപര്യാപ്തത.
- ഗ്രൗണ്ടിന്റെ സ്ഥലപരിമിതിയും കൂടുതൽ കായിക ഉപകരണങ്ങളുടെ ലഭ്യത കുറവും.
- കലാപ്രവർത്തനങ്ങൾക്ക് പ്രത്യേക പരിശീലനം സൗകര്യം (ഡാൻസ് ഡ്രാമ മായും ആർട്ട്).
- ഉപയോഗശൂന്യമായ കെട്ടിടത്തിന്റെ പൊളിച്ചു നീക്കൽ.
- പാർക്കിംഗ് സൗകര്യക്കുറവ്.
- എല്ലാ കെട്ടിടങ്ങളും തമ്മിൽ ബന്ധിപ്പിച്ചുകോണ്ട് നനയാതെ സഞ്ചരിക്കാനുള്ള നടപ്പാതയുടെ അഭാവം.

# 2024-2025 അദ്ധ്യയന വർഷം

## തിരിഞ്ഞുനോക്കുമ്പോൾ

നമ്മുടെ വിദ്യാലയത്തിന് വളർച്ചയും പുരോഗതിയുമുള്ള ഒരു അദ്ധ്യയന വർഷമായിരുന്നു 2024-2025 . വിദ്യാർത്ഥികൾ അക്കാദമിക മേഖലയിലും സഹപാഠ്യ പ്രവർത്തനങ്ങളിലും ശ്രദ്ധേയമായ കഴിവും പ്രതിബദ്ധതയും പ്രകടിപ്പിച്ചു. അധ്യാപകരുടെയും രക്ഷിതാക്കളുടെയും ആത്മാർത്ഥമായ സഹകരണം വിദ്യാർത്ഥികളുടെ സമഗ്രവളർച്ചയ്ക്കും നേട്ടങ്ങൾക്കും പിന്നിലെ ശക്തമായ കാരണങ്ങളായി2024 വർത്തിച്ചു. കഴിഞ്ഞ അദ്ധ്യാനവർഷം നമ്മുടെ സ്കൂൾ നന്മയുടെയും അറിവിന്റയും കർമ്മനിഷ്ഠയുടെയും മൂല്യങ്ങളെ മാനിച്ചു മുന്നേറുകയും ഉയർന്ന നിലവാരമുള്ള വിദ്യാഭ്യാസം നൽകുവാനായി പരിശ്രമിക്കുകയും ചെയ്തു.

2024 ജൂൺ മാസത്തിൽ സ്കൂൾ വീണ്ടും തുറക്കുകയും പുതിയ അധ്യയന വർഷത്തിന് ആത്മാർത്ഥമായ തുടക്കം കുറിക്കുകയും ചെയ്തു. വിദ്യാർത്ഥികളുടെ ഉത്സാഹപരവും ആകാംക്ഷയോടെയുമുള്ള നിറഞ്ഞ സാന്നിധ്യമാണ് പുതിയ അധ്യയന വർഷത്തിന് മിഴിവ് നൽകിയത്. ഈ വർഷത്തെ കായികമേളയും യുവജനോത്സവവും വിദ്യാർത്ഥികളുടെ അഗാധമായ പങ്കാളിത്തം കൊണ്ടും മികച്ച മത്സരാത്മകത കൊണ്ടും ഏറെ ശ്രദ്ധിക്കപ്പെടുന്നവയായിരുന്നു. നമ്മുടെ വിദ്യാർത്ഥികൾ ഉപജില്ലാതല ശാസ്ത്രമേളയിലും യുവജനോത്സവത്തിലുമുള്ള നമ്മുടെ വിദ്യാർത്ഥികളുടെ സജീവമായ പങ്കാളിത്തം സ്കൂളിന്റെ യശസ്സ് ഉയർത്തുകയും ചെയ്തു. അതോടൊപ്പം എട്ടാം ക്ലാസ്സ് വിദ്യാർത്ഥിനിയായ അളക എൻ. അജിയെ ജില്ലാ ഫുട്ബോൾ ടീമിലേക്ക് തിരഞ്ഞെടുത്തത് നമ്മുടെ വിദ്യാലയത്തിന് അഭിമാനകരമായിത്തീർന്നു. ശാസ്ത്രത്തിന്റെയും സാങ്കേതിക വിദ്യയുടെയും ലോകത്ത് നമ്മുടെ വിദ്യാർത്ഥികളുടെ അറിവുന്റെയും ചിന്തനശേഷിയുടെയും മികവ് പ്രകടമാക്കപ്പെട്ടത് ശാസ്ത്രമേളയിലൂടെയായിരുന്നു.

നമ്മുടെ സ്കൂളിന് 2024 മുതൽ മോഡൽ ഇൻക്ലൂസീവ് പ്രോഗ്രാമിന്റെ ഭാഗമാകുവാൻ അവസരം ലഭിച്ചത് ഈ വർഷത്തെ ഏറ്റവും വലിയ നേട്ടങ്ങളിലൊന്നായി മാറി . ജില്ലയിൽ ഈ അവസരം ലഭിച്ച രണ്ടു സ്കൂളുകളിൽ ഒന്നാണ് നാം എന്നത് നമ്മുടെ സംരംഭശേഷിയുടെയും സാമൂഹികബോധത്തിൻറെയും തെളിവാണ്. ഈ പദ്ധതിയുടെ ഭാഗമായി രക്ഷിതാക്കൾക്കും വിദ്യാർത്ഥികൾക്കുമായി നിരവധി ക്ലാസുകളും അവബോധ പ്രവർത്തനങ്ങളും, ക്യാമ്പുകളും പഠനയാത്രകളും വിജയകരമായി നടപ്പിലാക്കുവാൻ പോയവർഷം നമുക്ക് സാധിച്ചു. ഈ അവസരം വിദ്യാഭ്യാസത്തിൽ സമാനത്വം ഉറപ്പാക്കുന്നതിനുള്ള അതുല്യമായൊരു വേദിയാവുകയും ചെയ്തു. YIP (Young Innovators Programme) എന്ന സർക്കാർ സംരംഭത്തിൽ പങ്കെടുത്ത നമ്മുടെ വിദ്യാർത്ഥി സംഘം ജില്ലാ തല വിലയിരുത്തലിനായി തിരഞ്ഞെടുക്കപ്പെട്ടത് മറ്റൊരു നേട്ടമായി. കൂടാതെ, സ്കൂളിലെ ടിങ്കറിംഗ് ലാബിലെ വിദ്യാർത്ഥികളുടെ കഴിവ് സംസ്ഥാന സർക്കാർ സംഘടിപ്പിച്ച "എന്റെ കേരളം" പരിപാടിയിൽ പ്രകടിപ്പിച്ചതോടെ, നമ്മുടെ സ്കൂൾ വിദ്യാഭ്യാസവകുപ്പിന്റെ അഭിമാനമായി മാറി.

മുൻ വർഷങ്ങളിലെതുപോലെ തന്നെ ഈ വർഷവും അക്കാദമിക് എസ്.എസ്.എൽ.സി, പ്ലസ് ടൂ പരീക്ഷകളിൽ മികച്ച വിജയം കൈവരിക്കുവാൻ നമുക്ക്

സാധിച്ചു. എസ്. എസ്. എൽ.സി. പരീക്ഷയിൽ 100% വിജയം കരസ്ഥമാക്കാനും അതോടൊപ്പം 12 കുട്ടികൾ ഫുൾ A+ ഉം 3 കുട്ടികൾ 9 ഫുൾ A+ ഉം ഒരാൾ 8 ഫുൾ A+ ഉം നേടി സ്കൂളിന്റെ യശസ്സ് വാനോളം ഉയർത്തി. ഹയർസെക്കന്ററി പരീക്ഷയിൽ സയൻസ് ബാച്ചിൽ 5 പേർക്കും ഹ്യുമാനിറ്റിക്സ് ബാച്ചിൽ 2 പേർക്കും ഫുൾ A+ ലഭിച്ചു.ഈ വിജയങ്ങൾ അധ്യാപകരുടെയും രക്ഷിതാക്കളുടെയും വിദ്യാർഥികളുടെയും കൂട്ടായ ശ്രമഫലമായിരുന്നു.

ഈ റിപ്പോർട്ടിൽ കഴിഞ്ഞ വർഷത്തെ പ്രധാന സംഭവങ്ങൾ, വിജയം കൈവരിച്ച മേഖലകൾ, വിദ്യാർത്ഥികളുടെ നേട്ടങ്ങൾ എന്നിവ സമഗ്രമായി ഉൾപ്പെടുത്തിയിരിക്കുന്നു. വിദ്യാഭ്യാസ രംഗത്ത് നേരിട്ട വെല്ലുവിളികളും അവയ്ക്ക് ലഭിച്ച പ്രതികരണങ്ങളും ഉൾപ്പെടുത്തി, വിദ്യാലയത്തിന്റെ മുന്നേറ്റത്തിൽ കഴിഞ്ഞ അദ്ധ്യയന വർഷം നിർണായകമായിരുന്നുവെന്നതിനോപ്പം ഭാവിയിലേക്ക് കൂടുതൽ ഉജ്ജ്വലമായ വഴികാട്ടികളായി പ്രവർത്തിക്കുന്നതിനുള്ള സാംസ്കാരികവും വിദ്യാഭ്യാസപരവുമായ അടിത്തറയും സ്ഥാപിക്കപ്പെട്ടുവെന്നും ഈ റിപ്പോർട്ട് വ്യക്തമാക്കുന്നു.

# എൽ.പി. വിഭാഗം

| മേഖല : എൽ.പി. മലയാളം | | | | | |
|---|---|---|---|---|---|
| **SL. NO** | **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| 1 | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കാൻ. | പ്രീ ടെസ്റ്റ് ,അക്ഷരം ഉറപ്പിക്കൽ,<br>● അടയാളം ഉറപ്പിക്കൽ,<br>● വാക്കുകൾ എഴുതിയ കാർഡ്,<br>● വാക്കുകൾ നിർമ്മിക്കുക. | ജൂൺ<br>ജൂലൈ | BRC<br>DIET<br>CPTA<br>SCERT | PTA |
| 2 | രചനാശേഷി പരിപോഷിപ്പിക്കാൻ | ● സംയുക്ത ഡയറി<br>● സർഗാത്മക ഡയറി | ഒരു വർഷം | CPTA | |
| 3 | കുട്ടിയെ മികച്ച വായനക്കാരൻ ആക്കുക വായനക്കൂട്ടം. | ● ക്ലാസ് ലൈബ്രറി രൂപീകരിക്കൽ<br>● വായനാമൂല<br>● പിറന്നാൾപുസ്തക ശേഖരണം | ഒരു വർഷം | PTA<br>CPTA | CPTA<br>SCHOOL |
| 4 | മലയാളവുമായി ബന്ധപ്പെടുത്തി സ്കൂൾ പഠനാന്തരീക്ഷം ആകർഷണീയമാക്കൽ. | ● സാഹിത്യകാരന്മാരുടെ ചിത്രങ്ങൾ,<br>● കഥാപാത്ര രചന<br>● ചിത്രം വരയ്ക്കൽ<br>● സാഹിത്യകാരന്മാരുടെ ദിനാചരണം സംഘടിപ്പിക്കൽ | ഒരു വർഷം | HM<br>CLASS TEACHER | |

| മേഖല : എൽ.പി. ഇംഗ്ലീഷ് | | | | | |
|---|---|---|---|---|---|
| **SL. NO** | **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| 1 | ഇംഗ്ലീഷ്_രചന_ മെച്ചപ്പെടുത്തൽ | ഡയറി എഴുത്ത് .<br>ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് കുട്ടികളെ പ്രാപ്തരാക്കുക. | 1 year | Class teacher | |
| 2 | ഇംഗ്ലീഷ് ഭാഷ കൂടുതൽ മികച്ചതാക്കാൻ | റോൾ പ്ലേ ,Skit.<br>Readers theatre, റീഡിങ് കാർഡ് നിർമ്മാണം.<br>സ്പോക്കൺ ഇംഗ്ലീഷ് ക്ലാസുകൾ. | 1 year | CPTA | |
| 3 | സ്വന്തം ആശയങ്ങൾ ഇംഗ്ലീഷിൽ അവതരിപ്പിക്കാൻ അവസരം നൽകുക | വായനാമത്സരം,രചനാ മത്സരം, സ്പീച്ച് എന്നിവ ചേർന്ന fest സംഘടിപ്പിക്കുക. | ഫെബ്രുവരി | CPTA | PTA |
| 4 | ക്ലാസ് ലൈബ്രറി ഒരുക്കൽ | ലൈബ്രറിയിൽ ഇംഗ്ലീഷ് പുസ്തകങ്ങൾ ഉൾപ്പെടുത്തുക. | 1 year | CPTA<br>PTA | |

| മേഖല: എൽ.പി സംസ്കൃതം | | | | | |
|---|---|---|---|---|---|
| **SL. NO** | **ലക്ഷ്യം** | **പ്രവർത്തന ങ്ങൾ** | **കാലയളവ്** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| 1 | അടിസ്ഥാന ഭാഷാശേഷി വികസനം | സംസ്കൃത അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുന്നു | ജൂൺ ജൂലൈ | സംസ്കൃതം അധ്യാപിക | |
| 2 | എല്ലാ കുട്ടികളേയും സംസ്കൃത ഭാഷാപഠനത്തിൽ തൽപരരാക്കുന്നു. | കുട്ടികളുടെ പഠന മികവുകളും പരിമിതികളും മനസ്സിലാക്കി അവരുടെ സാധ്യതകൾക്ക് അനുസരിച്ചുള്ള പഠനപ്രവർത്തനങ്ങളും പഠനരീതികളും സ്വീകരിക്കുന്നു. | ആവശ്യാനുസാരം | സംസ്കൃതം അധ്യാപിക | |
| 3 | സംസ്കൃത ദിനാചരണം | സംസ്കൃത പ്രാർത്ഥന , സ്കൂൾ തല മത്സരങ്ങൾ, വന്ദേമാതരാലാപനം | ആഗസ്റ്റ് സെപ്റ്റംബർ | സംസ്കൃതം അധ്യാപിക | |
| 4 | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനപ്രവർത്തനങ്ങൾ | കവിത ചൊല്ലിക്കൽ , അനുരൂപീകരണം, ഗ്രൂപ്പ് തല പ്രവർത്തനങ്ങൾ തുടങ്ങിയവ | ജൂൺ മാർച്ച് | സംസ്കൃതം അധ്യാപിക | |

| മേഖല : എൽ.പി ഗണിതം | | | | | |
|---|---|---|---|---|---|
| **SL. NO** | **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| 1 | അടിസ്ഥാന ഗണിത ആശയങ്ങൾ മുഴുവൻ കുട്ടികൾക്ക് എത്തിക്കുക. | കുട്ടികൾക്ക് സ്വതന്ത്രമായി ഇടപെഴുകാൻ സഹായകമായ വിധത്തിൽ ഗണിത ലാബ് സജ്ജമാക്കൽ. | ഒരു വർഷം | CPTA<br>ക്ലാസ് ടീച്ചർ<br>BRC | PTA |
| 2 | പിന്നോക്കക്കാരെ കണ്ടെത്തി പിന്തുണ നൽകൽ. | ഗണിത മൂലകൾ ക്രമീകരിക്കൽ<br>പഠനോപകരണ നിർമ്മാണ ശില്പശാല<br>ഒറിഗാമി. | ഒരു വർഷം<br>ജൂലൈ | CPTA<br>SRG | PTA |

| മേഖല : എൽ.പി പരിസരപഠനം | | | | | |
|---|---|---|---|---|---|
| **SL. NO** | **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| 1 | കുട്ടിയിൽ മികച്ച ശാസ്ത്രബോധം വളർത്താൻ. ശുചിത്വബോധം, മിതവ്യയശീലം | ശാസ്ത്ര ക്ലബ്ബ്<br>പരീക്ഷണ മൂല<br>ശാസ്ത്ര പുസ്തകങ്ങൾ<br>പരീക്ഷണ കിറ്റുകൾ<br>നല്ല ആരോഗ്യ ശീലങ്ങൾ<br>കുട്ടികളുടെ ചെക്ക് ലിസ്റ്റ് | ഒരു വർഷം | ക്ലാസ് ടീച്ചർ<br>SRG<br>CPTA | PTA |
| 2 | ട്രാഫിക് നിയമങ്ങളെ പറ്റിയുള്ള വ്യക്തമായ ധാരണ. | ട്രാഫിക് നിയമ ക്ലാസ്സ്<br>ട്രാഫിക് സിഗ്നൽ നിർമ്മാണം<br>ഫസ്റ്റ് എയ്ഡ് ബോക്സിന്റെ ഉപയോഗം നിർമ്മാണം | ഒരു വർഷം | BRC<br>NSS | PTA |
| 3 | നേരിട്ട് അനുഭവത്തിലൂടെയുള്ള പഠനം. | ഫീൽഡ് ട്രിപ്പ് ഒരുക്കൽ<br>ശാസ്ത്ര ലോകത്തിലെ പുതിയ കണ്ടു പിടുത്തങ്ങളും മറ്റും ബുള്ളറ്റ് ബോർഡിലൂടെ കുട്ടികളിൽ എത്തിക്കുക. | ഒരു വർഷം | H M<br>ക്ലാസ് ടീച്ചർ<br>CPTA | CPTA |

# യു.പി വിഭാഗം

| മേഖല: യു. പി മലയാളം | | | | | |
|---|---|---|---|---|---|
| **Sl. NO** | **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| 1. | ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പ്രാപ്തരാക്കുക. | പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ അവതരിപ്പിക്കുന്നു. | ജൂൺ | മലയാളം അധ്യാപകർ | |
| | | അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് പദശുദ്ധി, ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ | മലയാളം അധ്യാപകർ | |
| 1. | പഠിതാവിൽ അർത്ഥപൂർണമായ വായന ഉറപ്പ് വരുത്തുക. | പത്രം, ആഴ്ചപ്പതിപ്പ്, മാസികകൾ, എന്നിവ പഠിതാക്കൾ വായിയ്ക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണം വളർത്തുകയും ചെയ്യുന്നു. | എല്ലാ ദിവസവും | മലയാളം അധ്യാപകർ | |
| 2. | മലയാളം കമ്പ്യൂട്ടറിങ് പരിജ്ഞാനം നേടി ഏടുക്കലും സർഗാത്മക ശേഷി വളർത്തലും | കുട്ടികളെ മലയാളം കമ്പ്യൂട്ടറിങ് പരിശീലിപ്പിക്കുന്നു. | ഒരു വർഷം | മലയാളം അധ്യാപകർ, IT അധ്യാപകർ | മലയാളം ക്ലബ് |
| 3. | സാഹിത്യകൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗശേഷി വളർത്തൽ | സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖസംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ട് പ്രാവശ്യം | ഹെഡ്മിസ്ട്രെസ്സ്, മലയാളം അധ്യാപകർ | P. T. A |
| 4. | പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് ചൊൽക്കാഴ്ചകൾ, ലഘുനാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസ്സംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നല്കുന്നു. | അകാദമിക് വർഷം | സ്കൂൾ | P. T. A |

| മേഖല: യു. പി. ഇംഗ്ലീഷ് | | | | | |
|---|---|---|---|---|---|
| **Sl. NO** | **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| 1. | തെറ്റ് കൂടാതെ വായിക്കുവാനുള്ള കഴിവ് വികസിപ്പിക്കുക | പാഠപുസ്തക വായന<br>ലൈബ്രറി ബുക്ക് വായന<br>( ലളിതമായവയിൽ നിന്നും സങ്കീർണതയിലേക്ക് ) | ജൂൺ<br>ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | |
| 2 | ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാൻ കഴിയുക | ടെസ്റ്റ് ബുക്ക് ആക്ടിവിറ്റീസ്, കുട്ടികളുടെ കലാസൃഷ്ടികൾ ഉൾപ്പെടുത്തിയുള്ള മാഗസിൻ തയ്യാറാക്കൽ | അക്കാദമിക വർഷം | ഇംഗ്ലീഷ് അധ്യാപകർ | |
| 3 | തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതുവാൻ സാധിക്കുക | Dictation, picture description, riddles preparation എന്നിവ ചെയ്യിക്കുന്നു | അക്കാദമിക വർഷം | ഇംഗ്ലീഷ് അധ്യാപകർ | |
| 4 | Nouns and verbs തിരിച്ചറിയാൻ കഴിയുക | Text book ഉം story books ഉം വായിച്ച് nouns ഉം verbs ഉം കണ്ടുപിടിക്കുന്നു | അക്കാദമിക വർഷം | ഇംഗ്ലീഷ് അധ്യാപകർ | |
| 5 | Present, past and future tense കൾ തിരിച്ചറിയാൻ കഴിയുക | വിവിധതരം tense കൾ ഉപയോഗിച്ചുള്ള worksheets ചെയ്യുന്നു, ടെക്സ്റ്റ് ബുക്ക് activities ചെയ്യുന്നു | അക്കാദമിക വർഷം | ഇംഗ്ലീഷ് അധ്യാപകർ | |
| 6 | ലളിതമായ സംഭാഷണങ്ങൾ എഴുതുവാൻ സാധിക്കുക | ടെക്സ്റ്റ് ബുക്ക് activities, ലളിതമായ കഥകൾ വായിച്ച്സംഭാഷണങ്ങൾ പഠിക്കുന്നു | അക്കാദമിക വർഷം | ഇംഗ്ലീഷ് അധ്യാപകർ | |
| 7 | ലളിതമായ വാക്യങ്ങളിൽ സംസാരിക്കാൻ കഴിയുക | Daily life ൽ ഉപയോഗിക്കുന്ന വിവിധതരത്തിലുള്ള സംഭാഷണങ്ങൾ എഴുതുന്നു, ടെക്സ്റ്റ് ബുക്ക് activities ചെയ്യുന്നു | അക്കാദമിക വർഷം | ഇംഗ്ലീഷ് അധ്യാപകർ | |

**മേഖല : യു . പി - ഹിന്ദി**

| **SI. NO** | **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|---|
| 1 | **5,6,7** ക്ലാസ് അക്ഷരബോധം ഉറപ്പിക്കൽ ഹിന്ദി അഞ്ചാം ക്ലാസ് മുതൽ ആരംഭിക്കുന്നതിനാൽ അക്ഷരങ്ങളെ ഇഷ്ടപ്പെടാനും പരിചയപ്പെടാനും അവസരമൊരുക്കുക | പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസ്സിലാക്കി കൊടുത്തു പഠിപ്പിക്കുന്നു. ചിത്രങ്ങൾ ,അക്ഷരമാല ചാർട്ട് ,കോപ്പി ബുക്ക് മുതലായവ ഉപയോഗിക്കുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപിക . | |
| 2 | ഹിന്ദി വായന**,** ഹിന്ദി തെറ്റ് കൂടാതെ വായിക്കാനുള്ള പരിശ്രമം**.** | നിരന്തരം പുസ്തകം വായിച്ചു കേൾപ്പിച്ച് വായനയിലേക്ക് ആകർഷിക്കുക.കുട്ടികളെ കൊണ്ട് ഉച്ചത്തിൽ വായിപ്പിക്കുക,ചിത്ര കഥകൾ വായിപ്പിക്കുക. | ജൂൺ മുതൽ ഫെബ്രുവരി വരെ. | ഹിന്ദി അധ്യാപിക . | |
| 3 | ഹിന്ദി സംസാരം ഹിന്ദിയിൽ സംസാരിക്കാൻ ഉള്ള കഴിവുണ്ടാക്കിയെടുക്കും. നിത്യജീവിതത്തിൽ അത്യാവശ്യം വരുന്നത് സംസാരിക്കുക. | ഹിന്ദി മാത്രം ക്ലാസുകളിൽ ഉപയോഗിക്കുക. അവരുടെ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തുറന്നു പറയിപ്പിക്കുക.ആഴ്ചയിൽ ഒരു വായനാ മത്സരം നടത്തുക. | ജൂൺ മുതൽ ഫെബ്രുവരി വരെ. | ഹിന്ദി അധ്യാപിക . | |

| മേഖല: യു.പി സംസ്കൃതം | | | | | |
|---|---|---|---|---|---|
| **Sl. NO** | **ലക്ഷ്യം** | **പ്രവർത്തന ങ്ങൾ** | **കാലയളവ്** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| 1 | എല്ലാ കുട്ടികളേയും സംസ്കൃത ഭാഷാപഠനത്തിൽ തൽപരരാക്കുന്നു. അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുന്നു. | കുട്ടികളുടെ പഠന മികവുകളും പരിമിതികളും മനസ്സിലാക്കി അവരുടെ സാധ്യതകൾക്ക് അനുസരിച്ചുള്ള പഠനപ്രവർത്തനങ്ങളും പഠനരീതികളും സ്വീകരിക്കുന്നു. | ജൂൺ ആഗസ്റ്റ് | സംസ്കൃതം അധ്യാപിക | |
| 2 | ആശയങ്ങൾ തെറ്റുകൂടാതെ വായിക്കുവാനും പ്രകടിപ്പിക്കുവാനും വികസിപ്പിക്കുവാനുമുള്ള അവസരം നൽകൽ | കഥ, കവിത, പ്രശ്നോത്തരി എന്നിവയ്ക്കുള്ള പരിശീലനം | ആവശ്യാനുസാരം | സംസ്കൃതം അധ്യാപിക | |
| 3 | സംസ്കൃത ദിനാചരണം സ്വാതന്ത്ര്യദിനാഘോഷം | സംസ്കൃത പ്രാർത്ഥന , സ്കൂൾ തല മത്സരങ്ങൾ വന്ദേമാതരാലാപനം | ആഗസ്റ്റ് സെപ്റ്റംബർ | സംസ്കൃതം അധ്യാപിക | |
| 4 | ഭാഷാ പഠനം | കലോത്സവത്തിനായി കുട്ടികളെ പരിശീലിപ്പിക്കുക. ഭാഷാ പ്രാധാന്യം കണക്കിലെടുത്ത് സിദ്ധരൂപം,സമസ്യ എന്നിങ്ങനെ പ്രത്യേകം സജ്ജരാക്കുന്നു. | ഒക്ടോബർ നവംബർ | സംസ്കൃതം അധ്യാപിക | |
| 5 | മത്സരങ്ങൾ പരീക്ഷകൾക്കുള്ള പ്രത്യേക പരിശീലനം | രാമായണ പ്രശ്നോത്തരി, യുഎസ് എസ് , സംസ്കൃത സ്കോളർഷിപ്പ് പരീക്ഷ പരിശീലനം തുടങ്ങിയവ | ജൂലൈ - ആഗസ്റ്റ് ഡിസംബർ - മാർച്ച് | സംസ്കൃതം അധ്യാപിക | |

| മേഖല: യു. പി ഗണിതം | | | | | |
|---|---|---|---|---|---|
| **Sl. NO** | **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| 1 | അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നല്കുന്നു. | ജൂൺ | ഗണിത അധ്യാപകർ | |
| 2 | രസകരമായഗണിത ശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും | വിവിധ രൂപങ്ങൾ നിർമിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 3 | ഗണിത മേഖലയിൽ കുട്ടികളുടെ താല്പര്യം വർദ്ധിപ്പിക്കൽ | പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താല്പര്യം ഉണ്ടാകുന്ന രീതിയിൽ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ ആവശ്യാനുസരണം | ഗണിത അധ്യാപകർ, ക്ലബ് ലീഡർമാർ | P.T. A |
| 4 | ആധുനിക ശാസ്ത്ര സാങ്കേതിക വിദ്ധ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | ജ്യാമിതീയ രൂപങ്ങൾ,ചതുഷ്ക്രിയകൾ, ടാൻഗ്രാം പോലുള്ള പ്രവർത്തങ്ങൾ I. T സാധ്യതകൾ ഉപയോഗിച്ച് കുട്ടികളിൽ എത്തിക്കാൻ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 5 | ഗണിതത്തിൽ പിന്നോക്കം നില്ക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു | പിന്നോക്കം നിൽക്കുന്ന കുട്ടികളെ ഗണിത അധ്യാപകരും കുട്ടികളും ചേർന്ന് മാർഗനിർദ്ദേശങ്ങൾ നല്കുന്നു. പോരായ്മകൾ കണ്ടെത്തി പ്രവർത്തങ്ങൾ നല്കുന്നു. | ആഴ്ചയിൽ ഒരു പീരിയഡ് | ഗണിത അധ്യാപകരും സമർത്ഥരായ വിധ്യാർത്ഥികളും | |
| 6 | വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ നടത്തേണ്ട ദിനാചരണങ്ങൾ SRG ൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG | |

| മേഖല: യു. പി. സാമൂഹ്യശാസ്ത്രം | | | | | |
|---|---|---|---|---|---|
| **Sl. NO** | **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| 1 | സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരിശോധിക്കുന്നതിന് പ്രഹേളികൾ ഓരോ പഠിതാവിനും ചെയ്യുന്നു.അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ തുടങ്ങിയ അടിസ്ഥാന തലങ്ങൾ ICT സാധ്യത ഉപയോഗിച്ച് മെമ്മറി ടെസ്റ്റ് നടത്തുന്നു. | ജൂൺ | സാമൂഹ്യശാസ്ത്ര അധ്യാപകൻ | |
| 2 | പഠിതാക്കളെ ചരിത്ര അവബോധം ഉള്ളവർ ആക്കി മാറ്റിയെടുക്കുക | ICT സാധ്യതകൾ ഉപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച ചരിത്ര അവബോധം വളർത്തുന്നു | ജൂൺ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 3 | ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനം മനസ്സിലാക്കുന്നു | അക്കാദമിക് വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകൻ | |
| 4 | വിവരവിനിമയ സാങ്കേതികവിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങൾ കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷാ ഉദ്യോഗസ്ഥരുടെയും മറ്റും ക്ലാസുകളും സെമിനാറുകളും സംഘടിപ്പിക്കുന്നു | അക്കാദമിക് വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 5 | സാമൂഹ്യ ശാസ്ത്ര വിഷയത്തിലൂടെ കുട്ടികളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു | പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ചോദ്യോത്തര വേളകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക് വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകൻ | |

| മേഖല: യു. പി. അടിസ്ഥാനശാസ്ത്രം | | | | | |
|---|---|---|---|---|---|
| **Sl. NO** | **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| 1 | എല്ലാ കുട്ടികൾക്കും സയൻസിൽ അടിസ്ഥാന ആശയങ്ങൾ കൈവരിക്കൽ | (i) പ്രീ ടെസ്റ്റ് നടത്തുക<br>(ii) മൂല്യ നിർണയം<br>(iii) ഗ്രൂപ്പ് രൂപീകരണം<br>(iv) പരിഹാര ബോധന ക്ലാസുകൾ | ആഴ്ചയിൽ ഒരിക്കൽ | ശാസ്ത്ര അധ്യാപകർ | |
| 2 | പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക | (i) പരിസ്ഥിതി ദിനത്തോടനുബന്ധിച്ചി വൃക്ഷ തൈ നടീൽ<br>(ii) പ്രകൃതി സംരക്ഷണ പോസ്റ്റർ തയ്യാറാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | ശാസ്ത്ര അധ്യാപകർ | |
| 3 | ശാസ്ത്രീയ മനോഭാവം രൂപപ്പെടുത്തൽ<br>കുട്ടികൾക്ക് സ്വയം പ്രശ്നപരിഹാരത്തിന്റെ ഭാഗമായി പരീക്ഷണങ്ങളിൽ ഏർപ്പെട്ട തീരുമാനങ്ങൾ രൂപീകരിച്ച പ്രധാന ആശയങ്ങൾ കൈവരിക്കുന്നതിനുള്ള ശേഷി | (i) പാഠാസൂത്രണം<br>(ii) ശാസ്ത്ര ലാബിനെ സജ്ജീകരിക്കുക രാവിലെ വിവിധ ഉപകരണങ്ങൾ ക്രമീകരിക്കൽ<br>(iii) പ്രവർത്തനങ്ങൾ തയ്യാറാക്കൽ | വർഷത്തിൽ ആവശ്യാനുസരണം | ശാസ്ത്ര അധ്യാപകർ | |
| 4 | പഠന അനുഭവങ്ങൾ നിത്യജീവിതവുമായി ബന്ധപ്പെടുത്താൻ ഉള്ള കഴിവ് കുട്ടികളിൽ വളർത്തൽ.. | നിത്യജീവിതത്തിലെ പരിചിത വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങൾ ചെയ്യിക്കുന്നു | മാസത്തിൽ ഒരു പ്രാവശ്യം | ശാസ്ത്ര അധ്യാപകർ | |

| SI. NO | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 5 | ശാസ്ത്ര പ്രതിഭകൾക്ക് വിദഗ്ധ പരിശീലനവും ക്ലാസുകളും നൽകാൻ | ശാസ്ത്രത്തിൽ മികവാർന്ന നിലവാരം പുലർത്തുന്ന കുട്ടികൾക്കായി പ്രത്യേക പരിശീലന ക്ലാസുകൾ | അവധി ദിവസങ്ങൾ | ശാസ്ത്ര അധ്യാപകൻ | |
| 6 | ചാന്ദ്രദിനത്തോടനുബന്ധിച്ച് പരിപാടികൾ നടത്തുന്നു | (i) ചാന്ദ്രദിന ക്വിസ് മത്സരം<br>(ii) റോക്കറ്റിന്റെ മാതൃക നിർമ്മാണം<br>(iii) വീഡിയോ പ്രദർശനം | വർഷത്തിലൊരിക്കൽ | ശാസ്ത്ര അധ്യാപകൻ | |
| 7 | സയൻസുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും ഉൾപ്പെടുത്തിയ കൈയെഴുത്ത് മാസിക തയ്യാറാക്കൽ | സയൻസുമായി ബന്ധപ്പെട്ട ഒരു ക്ലാസ് തല കയ്യെഴുത്ത് മാഗസിൻ നിർമ്മിക്കാൻ കുട്ടികളോട് ആവശ്യപ്പെടുന്നു. | വർഷത്തിൽ ഒരുതവണ | ശാസ്ത്ര അധ്യാപകൻ | |
| 8 | ശാസ്ത്രവുമായി ബന്ധപ്പെട്ട അറിവുകൾ ഉയർത്തുന്നതിന് വേണ്ടി ഏകദിന വർക്ക് ഷോപ്പ് നടത്തുക | സയൻസുമായി ബന്ധപ്പെട്ട വിവിധ പഠനോപകരണങ്ങൾ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നതിനും അവൻ നിർമിക്കുന്നതിനും മികച്ച കുട്ടികളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനും തിരഞ്ഞെടുക്കുന്ന കുട്ടികളെ സയൻസ് ഫെയറിൽ പങ്കെടുപ്പിക്കുന്നു. | വർഷത്തിൽ ഒരുതവണ | സയൻസ് അധ്യാപകൻ | |
| 9 | കൗതുകം, ജിജ്ഞാസ, നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക | ലഘുപരീക്ഷണങ്ങൾ സഹപാഠികൾക്ക് മുമ്പിൽ കുട്ടികൾ തന്നെ കാണിച്ചുകൊടുക്കാൻ അവസരം നൽകുന്നു<br>പരീക്ഷണങ്ങൾ ചെയ്യാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞുകൊടുത്ത കുട്ടികളെക്കൊണ്ട് ചെയ്യിക്കുന്നു | വർഷത്തിൽ ഒരുതവണ | ശാസ്ത്ര അധ്യാപകൻ | |

# എച്ച്.എസ്. വിഭാഗം

| മേഖല: എച്ച്. എസ്. മലയാളം | | | | | |
|---|---|---|---|---|---|
| **Sl. NO** | **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| 1. | എട്ട് മുതൽ പത്തുവരെ ക്ലാസുകളിലെ ഓരോ കുട്ടിയും നേടേണ്ട ഭാഷാശേഷി,ധാരണ, നൈപുണി ഇവ പരമാവധി നേടുക. | വായനക്കുറിപ്പ്, എഡിറ്റോറിയൽ നിർമ്മാണം | ജൂൺ | മലയാളം അധ്യാപകൻ | |
| 2. | കുട്ടികളിലെ രചനാ ശേഷി കണ്ടെത്തുന്നതിനും പ്രകടിപ്പിക്കുന്നതിനും വേദി സജ്ജമാക്കുക സാമ്പത്തിക വിശകലനം | കഥ, കവിത ആസ്വാദന ശില്പശാല | ജൂലൈ | മലയാളം അധ്യാപകൻ | |
| 3 | വായന സംസ്കാരം കുട്ടികളിൽ വളർത്തുക | ഗ്രാമീണ ലൈബ്രറി സന്ദർശനം,സ്കൂൾ ലൈബ്രറിയിൽ നിന്ന് പുസ്തകങ്ങൾ തിരഞ്ഞെടുത്ത് വായിക്കാനുള്ള പ്രേരണ കൊടുക്കുക | ഓഗസ്റ്റ് | മലയാളം അധ്യാപകൻ | |
| 4 | സ്വതന്ത്ര രചനകളുടെ പ്രോത്സാഹനം | കഥ കവിത നാടക രചന മത്സരങ്ങൾ സംഘടിപ്പിക്കുന്നു | സെപ്റ്റംബർ ഒക്ടോബർ | മലയാളം അധ്യാപകൻ | |
| 5 | ഭാഷ വ്യവഹാരങ്ങൾ ഫലപ്രദമായി ഉപയോഗിക്കുക | അഭിമുഖം കയ്യെഴുത്ത്/ ഡിജിറ്റൽ മാഗസിൻ നിർമ്മാണം | നവംബർ ഡിസംബർ | മലയാളം അധ്യാപകൻ | |
| 6 | സമകാലിക മാധ്യമ രംഗങ്ങളെ പരിചയപ്പെടുത്തുക | ആഴ്ചപ്പതിപ്പുകൾ, മാഗസിനുകൾ വാർഷിക പതിപ്പുകൾ ഇവ ശേഖരിക്കുകയും അവ വായിക്കുവാനുള്ള പ്രേരണ കൊടുക്കുക | ജനുവരി | മലയാളം അധ്യാപകൻ | |

| മേഖല: എച്ച്.എസ്. ഇംഗ്ലീഷ് | | | | | |
|---|---|---|---|---|---|
| **Sl. NO** | **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| 1 | 8 മുതൽ 10 വരെ ക്ലാസ്സുകളിലെ ഓരോ കുട്ടികൾക്കും ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക. | പ്രൊഫൈൽ, സ്ക്രിപ്റ്റ് തയ്യാറാക്കൽ, റോൾ പ്ലേ, സെമിനാർ ചർച്ചകൾ | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| 2 | അക്ഷരം തിരിച്ചറിയാൻ പരിശീലിപ്പിക്കുക. അക്ഷരങ്ങൾ എഴുതാനും വായിപ്പിക്കാനും പഠിപ്പിക്കുക.അക്ഷരങ്ങളുടെ ഉച്ചാരണം പരിചയപ്പെടുത്തുക. | അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു. ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുതുന്നു. | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | |
| 3 | ഇംഗ്ലീഷ് അനായാസം എഴുതാനും വായിക്കുവാനും പരിശീലിപ്പിക്കുക. | കേട്ടെഴുത്ത്, പദസൂര്യൻ, പ്രശ്നോത്തരി, ആഴ്ചപ്പതിപ്പുകൾ, മാഗസിനുകൾ ഇവ ശേഖരിക്കുകയും അവ വായിക്കുവാനുള്ള പ്രേരണകൊടുക്കുക. | ഓഗസ്റ്റ് | ഇംഗ്ലീഷ് അധ്യാപകർ | |
| 4 | ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നു. കുറിപ്പ്, ഡയറി എന്നിവ എഴുതുവാൻ പ്രാപ്തരാക്കുക. | റിവ്യൂ, നാറേറ്റീവ് റൈറ്റിങ്, സമ്മറി റൈറ്റിങ് എന്നിവ തയ്യാറാക്കാൻ പറയുന്നു. | സെപ്റ്റംബർ | ഇംഗ്ലീഷ് അധ്യാപകർ | |

| SI. NO | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 5 | കവിതലാപനത്തിനും കവിത രചനയ്ക്കും പ്രാപ്തരാക്കുക. | ഇംഗ്ലീഷ് ഓഡിയോ കേൾക്കാനുള്ള അവസരം, കവിതാരചന ആലാപന മത്സരങ്ങൾ നടത്തുന്നു. | ആഴ്ചയിൽ ഒരു പീരിയഡ് | ഇംഗ്ലീഷ് അധ്യാപകരും വിധ്യാർത്ഥികളും | |
| 6 | നാമം, സർവ്വനാമം, വിശേഷണം എന്നിവ മനസ്സിലാക്കുക.വാക്യഘടന പരിചയപ്പെടുത്തുക. | ചാർട്ടുകൾ നൽകുന്നു. അതിൽ നിന്നും സർവ്വനാമം, നാമം, വിശേഷണം എന്നിവ കണ്ടെത്തുവാൻ പറയുന്നു. | ഒക്ടോബർ - നവംബർ | ഇംഗ്ലീഷ് അധ്യാപകർ | |
| 7. | ഇംഗ്ലീഷിൽ ആത്മവിശോസത്തോടെ ആശയ വിനിമയം നടത്താൻ പ്രാപ്ത്തരാക്കുക. | ക്ലാസ്സിലെ ഓരോ കുട്ടികളെയും സെൽഫ് ഇൻട്രോഡക്ഷൻ പറയാൻ അവസരം നൽകി. | ഡിസംബർ - ജനുവരി | ഇംഗ്ലീഷ് അധ്യാപകർ | |
| 8. | .ഇംഗ്ലീഷ് ഭാഷയോട് ഉള്ള താല്പര്യം വർധിപ്പിക്കുക. | ഇംഗ്ലീഷ് അസ്സമ്ലി സങ്കടിപ്പിക്കുക, ദിനാചരണവുമായി ബന്ധപ്പെട്ട പരിപാടികളുടെ അവതരണം. | ആഴ്ച്ചയിൽ ഒരു ദിവസം,ദിനാചരണ ദിവസങ്ങളിൽ. | ഇംഗ്ലീഷ് അധ്യാപകർ | |

| മേഖല : ഹൈസ്കൂൾ - ഹിന്ദി | | | | | |
|---|---|---|---|---|---|
| **SI. NO** | **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| 1. | അക്ഷരം ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു | ഓഡിയോ, വിഷ്വൽ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു | ജൂൺ , ജൂലൈ | ഹിന്ദി അധ്യാപിക. | |
| 2 | ഹിന്ദി ഭാഷയോടുള്ള താത്പര്യം വർദ്ധിപ്പിക്കുക | ദിനാചരണവുമായി ബന്ധപ്പെട്ട് പരിപാടികൾ സംഘടിപ്പിക്കുക, ഹിന്ദി അസംബ്ലി നടത്തുക | ദിനാചരണവുമായി ബന്ധപ്പെട്ട്. | ഹിന്ദി അധ്യാപിക. | |
| 3 | ഹിന്ദി സുഖമായി എഴുതുവാനും വായിക്കുവാനുള്ള ശേഷി വർ ദ്ധിപ്പിക്കുക . | കവിതകൾ, കഥകൾ എന്നിവ ഉറക്കെ വായിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു പ്രാവശ്യം. | ഹിന്ദി അധ്യാപിക. | |
| 4 | കലോത്സവത്തിൽ കുട്ടിയുടെ മികച്ച പങ്കാളിത്തം ഉറപ്പുവരുത്തുന്നു. | ചെറിയ പ്രസംഗങ്ങൾ പരിശീലിപ്പിക്കുന്നു. | ദിനാചരണവുമായി ബന്ധപ്പെട്ട് | ഹിന്ദി അധ്യാപിക | |
| 5 | സാഹിത്യാഭിരുചി വളർത്താൻ. | പദ്യം ചൊല്ലൽ,കവിത ,പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു | സെപ്റ്റംബർ | ഹിന്ദി അധ്യാപിക | |
| 6 | ആശയ വിനിമയം നടത്താൻ പരിശീലിപ്പിക്കുന്നു. | പാഠഭാഗവുമായി ബന്ധപ്പെട്ട സ്റ്റേജ് അവതരണം (ക്ലാസ് തലം) | ഡിസംബർ | ഹിന്ദി അധ്യാപിക | |
| 7 | ഹിന്ദി ഭാഷാ സുഗമമായി വായിക്കാനും എഴുതുവാനും. | ഡയറി എഴുതുവാൻ ഉള്ള നിർദ്ദേശം നൽകുന്നു | ദീർഘം- ഡിസംബർ, ജനുവരി | ഹിന്ദി അധ്യാപിക | |

| Sl. NO | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 8 | CWSN,Slow Learner's കുട്ടികൾക്ക് അധിക പിന്തുണ ഉറപ്പാക്കൽ. | ഐസിടി മുഖാന്തിരം പല വർണ്ണങ്ങളിൽ ആകർഷകമായ അക്ഷരമാല അവതരണം. | ആഴ്ചയിൽ ഒരു പ്രാവശ്യം | ഹിന്ദി അധ്യാപിക | |

| മേഖല : എച്ച്. എസ് ഗണിതം | | | | | |
|---|---|---|---|---|---|
| **Sl. No.** | **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലയളവ്** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| 1 | അടിസ്ഥാന ഗണിതക്രീയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുന്നു. | അടിസ്ഥാന ക്രീയയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് കൃത്യമായ മാർഗനിർദ്ദേശങ്ങൾ നൽകി കാര്യങ്ങൾ വ്യക്തമാക്കുന്നു. | ജൂൺ മാസം ആദ്യ രണ്ടാഴ്ച | ഗണിത ക്ലബ്ബിലെ കുട്ടികൾ, ഗണിത അദ്ധ്യാപകർ | |
| 2 | ഗണിതാഭിരുചി വർദ്ധിപ്പിക്കൽ | ഗണിത ക്വിസ്സ്, ജ്യോമെട്രിക് ചാർട്ട്, ഗണിത ചാർട്ട്, ഗണിത സെമിനാർ, കുസൃതി കണക്കുകൾ, മാഗസീൻ നിർമാണം, എക്സിബിഷൻ, സ്റ്റിൽ മോഡൽ, വർക്കിംഗ് മോഡൽ. | ജൂൺ - സെപ്റ്റംബർ | ഗണിത അദ്ധ്യാപകർ | |
| 3 | അദ്ധ്യാപകർ കാലാനുസൃതമായി ചെയ്ത ചെറിയ ക്ലാസ്സ് മുതലുള്ള തുടർ പഠനം സാധ്യമാക്കി കുട്ടികളിൽ അടിസ്ഥാനം ഉറപ്പിക്കുന്നു. | അംഗങ്ങളുടെ മികച്ച പ്രവർത്തനം, ഇടപെടൽ, ചർച്ചകൾ, പഠനാസൂത്രണം എന്നിവ കൂട്ടായ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം കൈവരിക്കുന്നു. | അക്കാദമിക വർഷം<br><br>തുടർ പ്രവർത്തനം | ഗണിത ക്ലബ്ബിലെ അംഗങ്ങൾ, ഗണിത അധ്യാപകർ | |
| 4 | ഗണിത മത്സരവേദിയിലേക്ക് | ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ , മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ. | ഒന്ന് രണ്ട് ടെമുകൾ | ഗണിത അധ്യാപകർ | |
| 6 | ദിനാചരണങ്ങൾ. | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണവുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ എസ് ആർ ജി യിൽ രേഖപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. കുട്ടികളുടെ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നു. | ആവശ്യാനുസരണം | ഗണിത അധ്യാപകർ<br><br>ഗണിത ക്ലബ്ബിലെ അംഗങ്ങൾ | |

| മേഖല: എച്ച്. എസ്. സാമൂഹ്യശാസ്ത്രം | | | | | |
|---|---|---|---|---|---|
| **Sl. NO** | **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| 1. | പഠിതാക്കളെ ചരിത്രാവബോധം ഉള്ളവർ ആക്കുക | ചരിത്രപരമായ കാര്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ, ചിത്രങ്ങൾ ശേഖരണം | അക്കാദമിക വർഷം | സോഷ്യൽ സയൻസ് അധ്യാപിക | |
| 2. | സാമൂഹിക ശാസ്ത്രത്തിൽ പരീക്ഷണ, നിരീക്ഷണം വളർത്തുക | ഭൗമ നിരീക്ഷണം,അന്തരീക്ഷ പ്രതിഭാസം നിരീക്ഷിക്കാൻ പറയുന്നു | ജൂലൈ, ഓഗസ്റ്റ് | സോഷ്യൽ സയൻസ് അധ്യാപിക | |
| 3 | ഇന്ത്യൻ സ്വാതന്ത്ര്യ സമരവുമായി ബന്ധപ്പെട്ട സംഭവങ്ങൾ കാലക്രമം മനസ്സിലാക്കുക | ടൈം ലൈൻ തയ്യാറാക്കാൻ പറയുന്നു | ജൂലൈ | സോഷ്യൽ സയൻസ് അധ്യാപിക | |
| 4 | ഭൂപട വായന വളർത്തുക | ഗ്ലോബ് മാപ്പ് പരിചയപ്പെടുക. ഇന്ത്യൻ ടോപ്പോ ഗ്രഫിയുമായി ബന്ധപ്പെട്ട വിവിധ മാപ്പ്,അറ്റ്ലസ് തയ്യാറാക്കുന്നു | ആഗസ്റ്റ് സെപ്റ്റംബർ, | സോഷ്യൽ സയൻസ് അധ്യാപിക | |
| 5 | കുട്ടികളിൽ ഉന്നത നിലവാരം വരിക്കാൻ ഉതകുന്ന പൊതു വിജ്ഞാനം | ക്വിസ്,ദിനാചരണം,സമകാലികവാർത്ത ശേഖരിക്കുന്നു. വാർത്താ വായന നടത്തുന്നു | വർഷം മുഴുവൻ | സോഷ്യൽ സയൻസ് അധ്യാപിക | |
| 6 | നവോത്ഥാന ന്യായീകന്മാർ,സ്വാതന്ത്ര്യ സമര സേനാനികളെ കുറിച്ച് അറിവ് വളർത്തുക | പ്രൊഫൈൽ ആൽബം തയ്യാറാക്കുക | ഒക്ടോബർ, നവംബർ | സോഷ്യൽ സയൻസ് അധ്യാപിക | |

| SI. NO | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 7 | സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ മനസ്സിലാക്കുന്നു | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട വിഷയങ്ങളെപ്പറ്റി ചർച്ചകൾ, പത്രവാർത്ത അടിസ്ഥാനപ്പെടുത്തിയ ചർച്ചകൾ അവതരിപ്പിക്കുന്നു | ഡിസംബർ, ജനുവരി | സോഷ്യൽ സയൻസ് അധ്യാപിക | |

| മേഖല: എച്ച്. എസ്. ജീവശാസ്ത്രം | | | | | |
|---|---|---|---|---|---|
| **SI. NO** | **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| 1 | പരിസ്ഥിതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ ഉള്ള മനോഭാവം രൂപപ്പെടുത്തുക | ഓരോ കുട്ടിയും വീട്ടിൽ ഒരു ചെടിനടുകയും അതിനെ പരിപാലിക്കുകയും ചെയ്യുക<br><br>വിവിധ കൃഷിരീതികൾ മനസ്സിലാക്കുന്നതിനും കൃഷിയുടെ വിവിധ രീതികൾ മനസ്സിലാക്കുന്നതിനും ഒരു കർഷകനുമായി അഭിമുഖം നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു.<br>ജൈവവൈവിധ്യ പാർക്ക് സംരക്ഷണം | അക്കാദമിക വർഷം മുഴുവൻ<br><br>ജൂൺ | പരിസ്ഥിതി ക്ലബ്ബ്<br><br>ബയോളജി അധ്യാപകൻ | |
| 2 | ലഹരി വിരുദ്ധ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നതിനും അതിനെതിരെ പ്രവർത്തിക്കുന്നതിനും കുട്ടികളെ സജ്ജരാക്കുക | ബോധവൽക്കരണ ക്ലാസ്<br>ഫ്ലാഷ് മോബ്<br>പ്രസംഗം മത്സരം | ജൂൺ, ജൂലൈ | ലഹരി വിരുദ്ധ ക്ലബ്ബ് | |
| 3 | കുട്ടികളിൽ ശാസ്ത്രമനോഭാവം വളർത്തുക | സ്കൂൾതല സയൻസ് എക്സിബിഷൻ, ലളിതമായ പരീക്ഷണങ്ങൾ ചെയ്യുക, ഗവേഷണാത്മക പ്രോജക്ടുകൾഏറ്റെടുത്ത് പഠനം നടത്തുന്നു | ഓഗസ്റ്റ് മുതൽ | സയൻസ് ക്ലബ്ബ് | |
| 4 | പതിപ്പ് തയ്യാറാക്കൽ | ജീവശാസ്ത്രവുമായി ബന്ധപ്പെട്ട പുതിയ അറിവുകൾ ശേഖരിച്ച് ശാസ്ത്രപതിപ്പുകൾ തയ്യാറാക്കി പ്രകാശനം ചെയ്യുന്നു<br>ഔഷധ സസ്യങ്ങളെ കുറിച്ചുള്ള പതിപ്പ് | സെപ്റ്റംബർ മുതൽ ജനുവരി വരെ | ബയോളജി അധ്യാപകൻ | |
| 5 | മോഡൽ ,ചാർട്ട് നിർമ്മാണം | ജീവശാസ്ത്രവുമായി ബന്ധപ്പെട്ട വിവിധ മോഡലുകൾ ചാർട്ടുകൾ തയ്യാറാക്കി പ്രദർശിപ്പിക്കുന്നു | ഒക്ടോബർ, നവംബർ | ബയോളജി അധ്യാപകൻ | |

| SI. NO | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 6 | നേടിയ അറിവുകൾ സമൂഹത്തിലേക്ക് എത്തിക്കാനുള്ള കഴിവ് നേടുക | ഹൃദയാരോഗ്യവുമായി ബന്ധപ്പെട്ട ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കുന്നു.<br>ദുശ്ശീലവും ഹൃദയരോഗ്യവും എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിക്കുന്നു | സെപ്റ്റംബർ | ബയോളജി അധ്യാപകൻ | |
| 7 | പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുക | പരിഹാരബോധന മാർഗ്ഗത്തിലൂടെ പാഠഭാഗങ്ങൾ കുട്ടികളിൽ ഉറപ്പിക്കുന്നതിന് വേണ്ട കാര്യങ്ങൾ ചെയ്യുന്നു | അക്കാദമിക വർഷം മുഴുവൻ | സയൻസ് അധ്യാപകർ | |
| 8 | പോഷകാഹാരത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുന്നതിന് | നാടൻ ഇനങ്ങൾ ഉൾപ്പെടുത്തി പക്ഷേ മേള സംഘടിപ്പിക്കൽ ,<br>കൗമാരപ്രായമുള്ള കുട്ടികൾ കഴിക്കാൻ ശ്രദ്ധിക്കേണ്ട ആഹാരം ഭക്ഷണ ശീലങ്ങൾ ശുചിത്വ ശീലങ്ങൾ എന്നിവയെ കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കുന്നു | ഒക്ടോബർ<br>നവംബർ | സയൻസ് അധ്യാപകർ | |

| മേഖല: എച്ച്. എസ്. ഫിസിക്കൽ സയൻസ് | | | | | |
|---|---|---|---|---|---|
| **SI. NO** | **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| 1 | പഠന പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം. | അധ്യാപകൻ-കുട്ടി, കുട്ടി -കുട്ടി എന്നിങ്ങനെ രണ്ട് തലത്തിൽ പരിശീലനം | ആഴ്ച്ചയിൽ 2 ദിവസം | സയൻസ് ടീച്ചർ | |
| 2 | കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തി എടുക്കുക | ശാസ്ത്ര ക്വിസ് നടത്തുക ശാസ്ത്ര തത്വങ്ങൾ, പരീക്ഷണങ്ങൾ | മാസത്തിൽ ഒന്ന് | സയൻസ് ടീച്ചർ | |
| 3 | കുട്ടികളിൽ പാഠഭാഗങ്ങളുടെ ശെരിയായ അവഗാഹം | യൂണിറ്റ് ടെസ്റ്റ് പേപ്പറുകൾ, ചോദ്യപേപ്പർ തയ്യാറാക്കൽ | Academic Year | സയൻസ് ടീച്ചർ | |
| 4 | ദിനാചാരണങ്ങൾ, ശാസ്ത്രമേള | വിവിധ മത്സരങ്ങൾ, എക്സിബിഷൻ | ആവശ്യമായ സന്ദർഭങ്ങളിൽ | സയൻസ് ടീച്ചർ | |

# ഉപസംഹാരം

ഗവ. ഹയർസെക്കന്ററി സ്കൂൾ പനമറ്റം തയ്യാറാക്കിയ ഈ പദ്ധതി ഏറെക്കാലത്തെ ചർച്ചകൾക്കും കൂടിയാലോചനകൾക്കും ശേഷം നിർമ്മിച്ചതാണ്.സ്കൂളിന്റെ മാസ്റ്റർ പ്ലാൻ വിദ്യാഭ്യാസ രംഗത്ത് പുതിയ സാധ്യതകൾ തുറന്ന് കൊടുക്കുന്ന ഒരു ദിശാനിർദ്ദേശമാണ്. വിദ്യാർത്ഥികൾക്ക് മികച്ച പഠനാനുഭവവും സൗകര്യങ്ങളും നൽകുന്നതിനായി രൂപകൽപ്പന ചെയ്തിരിക്കുന്ന ഈ പദ്ധതി, അക്കാദമിക വളർച്ചയ്ക്കൊപ്പം സൃഷ്ടിപരവും സാമൂഹികവുമായ വളർച്ചക്കും പ്രാധാന്യം നൽകുന്നു. അധ്യാപകരുടെയും രക്ഷിതാക്കളുടെയും സഹകരണത്തോടെ, ഭാവിയിൽ സ്കൂൾ കൂടുതൽ സമഗ്രമായ ഒരു വിദ്യാഭ്യാസ കേന്ദ്രമായി മാറുന്നതിന് ഈ പ്ലാൻ സഹായകരമാകും.

പരിസ്ഥിതി സൗഹൃദ സംവിധാനങ്ങൾ, സാങ്കേതിക വിദ്യയുമായി ചേരുന്ന പഠനരീതികൾ, കായിക-സാംസ്കാരിക സൗകര്യങ്ങൾ എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നതിനാൽ ഈ മാസ്റ്റർ പ്ലാൻ വിദ്യാർത്ഥികളുടെ സമഗ്ര വികസനത്തിന് വഴിയൊരുക്കുന്നു. ഭാവിയിലേക്ക് ലക്ഷ്യം വെച്ച് രൂപപ്പെടുത്തിയിരിക്കുന്ന ഈ പദ്ധതി, കാലത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുന്ന പുതിയ തലമുറയെ വളർത്തിയെടുക്കാൻ സ്കൂളിനെ കരുത്തരാക്കും.വിദ്യാലയത്തിന്റെ സമഗ്ര പുരോഗതി സാധ്യമാക്കുമെന്ന പ്രതീക്ഷയോടെ, ഇത് ഞങ്ങൾ മേൽ നടപടികൾക്കായി സമർപ്പിക്കുന്നു.

# ഗവ.ഹയർ സെക്കൻഡറി സ്കൂൾ പനമറ്റം

- പ്രീ പ്രൈമറി മുതൽ ഹയർ സെക്കൻഡറി വരെ ഒരു കുടക്കീഴിൽ
- ഹൈടെക് ക്ലാസ്സ് മുറികൾ
- റോബോട്ടിക്സ്പരിശീലനത്തിനായി ടിങ്കറിങ് ലാബ്
- തൊഴിൽ പരിശീലനത്തിനായി ക്രിയേറ്റീവ് കോർണർ
- 2019 മുതൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പ്രത്യേക പഠനപരിപോഷണ പരിപാടി (Special Enrichment Programme) ൽ ഉൾപ്പെടുത്തി നിരവധി വിദഗ്ധ ക്ലാസ്സുകൾ, ശില്പശാലകൾ, തൊഴിൽ പരിശീലനങ്ങൾ, പഠനയാത്രകൾ
- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കായി മോഡൽ ഇൻക്ലൂസീവ് പ്രോജക്ട് (റിസോഴ്സ് റൂം, ബാരിയർ ഫ്രീ ക്യാമ്പസ്, മെഡിക്കൽ ക്യാമ്പ്, തൊഴിൽ പരിശീലനങ്ങൾ)
- കുട്ടികൾക്ക് യാത്രാ സൗകര്യത്തിനായി സ്കൂൾ ബസുകൾ
- മേളകളിൽ സംസ്ഥാന തലംവരെ പങ്കാളിത്തം
- എസ്.എസ്.എൽ.സി പരീക്ഷയിൽ 100% വിജയം. മുഴുവൻ വിഷയങ്ങൾക്കും A+ നേടിയ കുട്ടികളുടെ എണ്ണത്തിൽ ഗവൺമെന്റ് സ്കൂളുകളിൽ രണ്ടാം സ്ഥാനം.
- 10000 ൽ അധികം പുസ്തകങ്ങൾ ഉള്ള വിശാലമായ ലൈബ്രറി, ലാബ് സൗകര്യങ്ങൾ
- ലിറ്റിൽ കൈറ്റ്സ്, ജൂനിയർ റെഡ്ക്രോസ് (J R C), സ്കൗട്ട് & ഗൈഡ്സ്
- ഫുട്ബോൾ, വോളിബോൾ, കായിക പരിശീലനങ്ങൾ
- മലയാളം / ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകൾ
- എൽ.എസ്.എസ് / യു.എസ്.എസ് / എൻ.എം.എം.എസ് പരിശീലനങ്ങൾ
- ഒന്നാം ക്ലാസ്സുമുതൽ സംസ്കൃതപഠനം

Venu Printers Ponkunnam 9447143703

## ഗവ.ഹയർ സെക്കൻഡറി സ്കൂൾ പനമറ്റം

Panamattam P.O., Kottayam - 686522
Phone: 9544573299 , E-mail: kply32065ptm@yahoo.co.in



# 2025-26 അക്കാദമിക് മാസ്റ്റർ പ്ലാൻ

## ജി എച്ച് എസ് എസ് പനമറ്റം




## ഗവ.ഹയർ സെക്കൻഡറി സ്കൂൾ, പനമറ്റം



NMMS 2025 QUALIFIED
Congratulations



അഭിനന്ദനങ്ങൾ



മാധവ് കൃഷ്ണ
( LSS വിജയി )




ശിശിബാല രഘുനാഥ്
( LSS വിജയി )



കഥാരചന–ഹിന്ദി
(സംസ്ഥാനതലം A ഗ്രേഡ്)



പെൻസിൽഡ്രോയിങ്
(സംസ്ഥാനതലം A ഗ്രേഡ്)



വോളിബോൾ
(സംസ്ഥാനതലം)

ക്രിയേറ്റീവ് കോർണർ



ഗവ. ഹയർ സെക്കൻഡറി സ്കൂൾ, പനമറ്റം
SSLC 2024
**100% വിജയം**
**FULL A+ 14**
**9 A+ 5**
**8 A+ 5**



UP HS Overall (കാഞ്ഞിരപ്പള്ളി സബ്ജില്ല)





ടിങ്കറിങ് ലാബ്



UP സംഘനൃത്തം ജില്ലാതലം A Grade)



UP നാടകം